# ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ

മത്തായി 7:13

## വിചിന്തനം – സെപ്റ്റംബർ 2020

'വാതിൽ', 'വഴി' എന്നീ വാക്കുകൾ വിശുദ്ധ ലിഖിതങ്ങളിൽ ആവർത്തിച്ച് വരുന്നവയാണ്. മാർഗം, ലക്ഷ്യം, പ്രത്യാശ, സുരക്ഷിതത്വം, തുടക്കം, സാദ്ധ്യത എന്നിങ്ങനെ വ്യത്യസ്ത ചിന്തകളാണ് ഈ വാക്കുകൾ നമ്മുടെ മനസ്സിൽ ഉണർത്തുന്നത്. എന്നാൽ മലയിലെ പ്രസംഗത്തിൽ യേശു മറ്റൊരു വാതിലിനെക്കുറിച്ച് പരാമർശിക്കുന്നു ; 'ഇടുങ്ങിയ വാതിലാ'ണത്. (മത്തായി 7: 13 –14 )

മനുഷ്യന്റെ മുൻപിൽ "ജീവനും മരണവും" വച്ചിരിക്കുന്നു. (നിയ 30: 15–19) തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നതിനാൽ

എല്ലാവരും തീർച്ചയായും 'ജീവൻ' സ്വന്തമാക്കേണ്ടതാണ്. പക്ഷേ, ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കലും ദുഷ്കരമായ വഴിയിലൂടെ യാത്രചെയ്യലുമാണ് ഈ തെരഞ്ഞെടുപ്പുകൊണ്ട് അർഥമാക്കുന്നത്. അതിനാൽ ഇതു കണ്ടെത്തുന്നവർ ചുരുക്കമെന്ന് യേശു പറയുന്നു. ഇടുങ്ങിയ വാതിൽ ബോധപൂർവം അന്വേഷിക്കുന്നവർ മാത്രമേ അത് കണ്ടെത്തുകയുള്ളൂ. ഒരു കായികതാരത്തിന്റെ വാശിയേറിയ പരിശ്രമവും വിദ്യാർഥിയുടെ ചിട്ടയായ പരിശീലനവും ഈ വാതിൽ കണ്ടെത്താൻ അത്യാവശ്യമാണ്. നേരെമറിച്ച് നമുക്കു മുന്നിൽ നിരന്തരം തുറന്നു കിടക്കുന്ന വിസ്തൃതവാതിലും വിശാലവഴിയും കണ്ടെത്താനും കടന്നു പോകാനും വളരെ എളുപ്പത്തിൽ സാധിക്കും. വാസ്തവത്തിൽ, ഇടുങ്ങിയ വാതിൽ അന്വേഷിക്കാത്തവർ വേഗത്തിൽ ഇവിടെയെത്തിച്ചേരുന്നു.

ആരും കയറാതിരിക്കാനല്ല, വാതിൽ ഇടുങ്ങിയിരിക്കുന്നത്. മറിച്ച്, തടിച്ചു വീർത്ത അഹന്തയെയും ഊതിപ്പെരുപ്പിച്ച ഭയങ്ങളെയുമാണ് അതു തടയുന്നത്. ഇടുങ്ങിയ വാതിലിലൂടെ കടക്കാൻ "നമ്മെ വിഷമിപ്പിക്കുന്ന ഭാരവും പാപവും നമുക്ക് നീക്കിക്കളയണം" (ഹെബ്രാ 12:1). അതിനാൽ പാപാവസ്ഥകളെ ഏറ്റുപറഞ്ഞു കരുണ യാചിച്ചുകൊണ്ട് അഹന്തയെ ഉപേക്ഷിക്കാം. ദൈവത്തെക്കുറിച്ചുള്ള എല്ലാ ഭയങ്ങളെയും മാറ്റിവയ്ക്കാം. ഫ്രാൻസിസ് മാർപാപ്പ 2019–ലെ ഒരു വിചിന്തനത്തിൽ പറയുകയുണ്ടായി. "രക്ഷ പ്രാപിക്കാൻ നമ്മൾ തീർച്ചയായും ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കണം. എന്നാൽ ഇതത്രയെളുപ്പമല്ല . ഇതൊരു 'ഇടുങ്ങിയ വാതിലാണ്'. കാരണം, സ്നേഹിക്കുകയെന്നത് പലപ്പോഴും വളരെ ശ്രമകരമാണ്. അതിനു പ്രതിബദ്ധത നിറഞ്ഞ ആത്മാർത്ഥമായ പരിശ്രമം ; അതായത് വചനത്തിനനുസൃതമായി ജീവിക്കാൻ ഉറപ്പും സ്ഥിരോത്സാഹവുമുള്ള ഇച്ഛാശക്തി ആവശ്യമാണ്. വി. പൗലോസ് ശ്ലീഹാ ഇതിനെ 'വിശ്വാസത്തിന്റെ നല്ല പോരാട്ടം' എന്നു വിളിക്കുന്നു. ദിനംപ്രതി ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കാൻ പരിശ്രമിക്കലാണത്." ഈ കാര്യങ്ങൾ വിചിന്തനംചെയ്ത്, ഇടുങ്ങിയ വാതിലിലൂടെ കടക്കാൻ നമ്മെ തടസ്സപ്പെടുത്തുന്നതെന്തൊക്കെയെന്ന് പരിശോധിക്കാം.

ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ ക്ഷണിച്ചുകൊണ്ട്, കരുണയുടെ കരങ്ങൾ തുറന്നു നമ്മെ ആശ്ലേഷിക്കാനും പാപമോചനം നൽകാനുമായി ഓരോരുത്തരെയും കാത്ത് യേശു നിൽക്കുന്നു. യേശു തന്നെയാണ് ആ വാതിൽ (യോഹ 10: 7–9). അവിടുന്നിലൂടെയല്ലാതെ ആരും പിതാവിന്റെ സന്നിധിയിലേക്കു വരുന്നില്ല (യോഹ 14: 6). നാം യേശുവിലൂടെ പ്രവേശിക്കുമ്പോൾ അവിടുന്ന് നമ്മിലേക്കും പ്രവേശിക്കുന്നു. നാമവനിലൂടെ മൗലികമായ പുതുജീവിതത്തിലേക്കു പ്രവേശിക്കുന്നു: ഉന്നതവും ആഴപ്പെട്ടതും ലക്ഷ്യബോധമേറിയതുമായ ദൈവബന്ധത്തിലുള്ള നവജീവിതം. ദൈവകൃപയുടെ ശക്തിയാൽ രൂപാന്തരപ്പെട്ട നമ്മൾ "ഭൂമിയിലുള്ള വസ്തുക്കളിലല്ല, പ്രത്യുത ഉന്നതങ്ങളിൽ ഉള്ളവയെ ശ്രദ്ധിക്കുവാൻ" (കൊളോ 3: 2) തുടങ്ങുന്നു.

പലതരം പ്രയാസങ്ങളെയും സഹനങ്ങളെയും പ്രലോഭനങ്ങളെയും കണ്ണീരിനെയും ഈ ഇടുങ്ങിയ വഴിയിൽ നമുക്ക് നേരിടേണ്ടിവരും. ലോകം അതിന്റെ എല്ലാ പ്രലോഭനങ്ങളോടുംകൂടി നമ്മെ വിശാലവഴിയിലേക്ക് മാടിവിളിച്ചേക്കാം. വീണുപോകുന്നെങ്കിൽ അത് നമ്മുടെ പാപത്തിന്റെയും അഹന്തയുടെയും ഭാരം നിമിത്തമായിരിക്കും. വിഷമിക്കരുത്; യേശുവിന്റെ മാതൃക നമുക്ക് പ്രത്യാശയേകും. വഴി തന്നെയായ അവിടന്ന് നമുക്കു മുൻപേ നടന്നു. "അവൻ തനിക്കുണ്ടായിരുന്ന സന്തോഷം ഉപേക്ഷിച്ച് അവമാനം വകവയ്ക്കാതെ, കുരിശ് ക്ഷമയോടെ സ്വീകരിച്ചു. ദൈവസിംഹാസനത്തിന്റെ വലതുഭാഗത്തു അവൻ അവരോധിക്കപ്പെടുകയും ചെയ്തു"(ഹെബ്രാ 12: 2). യേശുവിന്റെ ശാന്തതയും എളിമയുമുള്ള ഹൃദയത്തിൽനിന്ന് പഠിക്കുക.

നമ്മെത്തന്നെ ശൂന്യമാക്കിക്കൊണ്ട് അവിടുത്തെ എളിമയുടെ നുകം ഏറ്റുക. നമ്മുടെ പാപങ്ങൾ കുരിശിന്റെ കീഴിൽ ഉപേക്ഷിച്ചുകൊണ്ട് ഭാരങ്ങളെല്ലാം ലഘുവാക്കുക. നമ്മിൽ പ്രവർത്തിക്കുന്ന കൃപ വഴി "നമുക്കായി നിശ്ചയിച്ചിരിക്കുന്ന ഈ ഓട്ടപ്പന്തയം സ്ഥിരോത്സാഹത്തോടെ നമുക്ക് ഓടിത്തീർക്കാം" (ഹെബ്രാ 12: 1).

ഒരു പഴയ ക്രിസ്തീയഗാനത്തിൽ പാടുന്നതുപോലെ "ഇടുങ്ങുംപാതയിൽ നടക്കുവെന്നാലും രാപകലെപ്പോഴും ആനന്ദിച്ചീടും  ഞാൻ; ജീവിതത്തിൽ  നിൻകരം കണ്ടീടും...", ഇടുങ്ങിയ പാത നമുക്ക് ആനന്ദം തരുന്നു. കാരണം, "നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു"(റോമാ 8:18). മാത്രമല്ല, ഇടുങ്ങിയ പാതയിലൂടെ നടന്ന വിശുദ്ധരുൾപ്പെടെ "നമുക്കു ചുറ്റും സാക്ഷികളുടെ വലിയ സമൂഹമുള്ളതിനാൽ"(ഹെബ്രാ 12: 1) അവർ നമ്മെ സഹായിക്കുകയും മദ്ധ്യസ്ഥത വഹിക്കുകയും ചെയ്യുന്നു.

'ക്രിസ്തുവിലൂടെ, ക്രിസ്തുവിനോടുകൂടെ, ക്രിസ്തുവിൽത്തന്നെ' നമ്മൾ പരിശുദ്ധ ത്രിത്വത്തോടൊപ്പം മഹത്വപൂർണമായ ജീവിതത്തിലേക്ക് നടന്നടുത്തുകൊണ്ടിരിക്കുന്നു. അപ്പോൾ 'ജീവിതം' അന്തിമലക്ഷ്യമല്ല; ലക്ഷ്യത്തിലേക്കുള്ള സഞ്ചാരം തന്നെയാണ്. ജീസസ് യൂത്ത് മുന്നേറ്റത്തിലെ നാമെല്ലാവരും ഇടുങ്ങിയ വാതിലും വഴിയും തെരഞ്ഞെടുത്തവരാണ്. പക്ഷേ, വിശാലമായ വഴി തെരഞ്ഞെടുത്തു നാശത്തിലേക്കു പോകുന്ന പലരെയും ചുറ്റും കാണാൻ കഴിയും. അവരെ തിരിച്ചു കൊണ്ടു വരാനുള്ള കടമ നമുക്കുണ്ട്. സുവിശേഷപ്രഘോഷണത്തിലൂടെയും മാനസാന്തരത്തിലൂടെയും വിശ്വാസത്തിലേക്കു  ക്ഷണിച്ചുകൊണ്ട്,  സത്യവും മനോഹരവും വിശുദ്ധവുമായ – യേശു തന്നെയായ – ഇടുങ്ങിയ പാതയിലേക്ക് അവരെ നയിക്കാൻ നാമേവരും കടപ്പെട്ടിരിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പറയുന്നു, "സ്വയം ഇടുങ്ങിയ വഴിയിലൂടെ കടന്നുപോയ, 'സ്വർഗ്ഗവാതിലെ'ന്നു വിശേഷിപ്പിക്കാവുന്ന നമ്മുടെ അമ്മയായ മറിയം, ചോദിക്കുന്നവർക്കൊക്കെ സഹായമേകാൻ വിളിപ്പുറത്തു നിൽക്കുന്നു.  എത്തിപ്പെടുവാൻ ശ്രമകരവും എന്നാൽ എല്ലാവർക്കും നേരെ  തുറന്നിട്ടതുമായ  ഈശോയുടെ ഹൃദയവാതിലിനെ യഥാർത്ഥത്തിൽ പിന്തുടർന്നവളാണ് പരിശുദ്ധ കന്യാമറിയം. ഇടുങ്ങിയ വാതിലിലൂടെ കടക്കാൻ പരിശുദ്ധഅമ്മയാകുന്ന വാതിൽ നമ്മെ സഹായിക്കട്ടെ".